**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **08-10-2021 - ൽ മറുപടിയ്ക്ക്**

**വെഹിക്കിൾ സ്ക്രാപ്പേജ് പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. സുമോദ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ വാഹനം പൊളിക്കൽ നയം (വെഹിക്കിൾ സ്ക്രാപ്പേജ് പോളിസി) സംസ്ഥാനത്തെ മോട്ടോർ വാഹന തൊഴിലാളികൾക്കും സ്വകാര്യ വാഹന ഉടമകൾക്കും സാമ്പത്തിക പ്രയാസം സൃഷ്ടിക്കാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | GSR 653(E) dtd.23.09.2021 നമ്പർ കേന്ദ്രസർക്കാർ ഉത്തരവു പ്രകാരം പഴക്കം ചെന്ന വാഹനങ്ങൾ പൊളിയ്ക്കുന്നതിന് അംഗീകൃത ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വാഹനം പൊളിക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ മാത്രമാണ് പൊളിയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. 1. 1989 – ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 പ്രകാരം രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ. 2. ചട്ടം 62 പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങൾ. 3.അഗ്നി ബാധ, പ്രകൃതി ദുരന്തങ്ങൾ, റോഡപകടങ്ങൾ, കലാപങ്ങളിൽ തകർക്കപ്പെട്ടവ,മറ്റേതെങ്കിലും ദുരന്തങ്ങൾ എന്നിവമൂലം കേടുപാടുകൾ സംഭവിച്ച വാഹനങ്ങൾ. 4.സർക്കാരിന്റെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും അറ്റകുറ്റപ്പണികൾ ലാഭകരമല്ലാ എന്നും സാമ്പത്തിക ബാധ്യത ഉണ്ടാക്കാൻ സാധ്യതയുള്ളവ എന്നും കണ്ടെത്തിയ വാഹനങ്ങൾ. 5.പൊളിക്കുന്നതിന് വേണ്ടി പൊതു ലേലത്തിൽ വാങ്ങിയവ. 6. ഖനികൾ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകാവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും മറ്റ രീതിയിൽ പുനരുപയോഗം സാധ്യമല്ല എന്നതിനാൽ കാലഹരണപ്പെട്ടത് എന്ന് ഉടമസ്ഥൻ സ്വയം സാക്ഷ്യപ്പെടുത്തിയ വാഹനങ്ങൾ. 7. നിർമ്മാണ ന്യൂനതകൾ കാരണം വിൽപ്പന നടക്കാത്തവയും രജിസ്റ്റർ ചെയ്യാൻ കഴിയാത്തവയും |

| | | | |
|---|---|---|---|
| | | | ടെസ്റ്റിംഗ് വേളയിലോ ഫാക്ടറിയിൽ നിന്നും ഡീലർമാർക്ക് കൈമാറുന്നതിനായി കൊണ്ടു പോകുന്ന വഴിയ്ക്ക് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ സംഭവിച്ചതോ ആയി സർട്ടിഫൈ ചെയ്യപ്പെട്ട വാഹനങ്ങൾ. 8.ഏതെങ്കിലും എൻഫോഴ്സ്മെന്റ് ഏജൻസികൾ ലേലം ചെയ്തെടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിച്ചതോ ആയ വാഹനങ്ങൾ 9.വാഹന ഉടമകൾ വാഹനം പൊളിക്കുന്നതിനായി സ്വമേധയാ Registered Vehicle Scrapping Facility Centre മുൻപാകെ ഹാജരാക്കുന്ന വാഹനങ്ങൾ. |
| (ബി) | വാഹനത്തിന്റെ അവസ്ഥ പരിശോധിക്കാതെ വാഹനം പൊളിക്കാൻ നിർദ്ദേശിക്കുന്നതിന്റെ അശാസ്ത്രീയതയും അനാവശ്യകതയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | രജിസ്ട്രേഷൻ/ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഫീസ് ഒടുക്കി കാലാവധി പുതുക്കുന്നതിന് അവസരം ഉണ്ട്. എന്നാൽ ഇതിനുവേണ്ടിയുള്ള ടെസ്റ്റുകളിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ അത്തരം വാഹനങ്ങൾ ഉപയോഗയോഗ്യമല്ല എന്ന് ഉറപ്പ് വരുന്ന സാഹചര്യത്തിൽ മാത്രമേ അവ പൊളിക്കേണ്ടതായിട്ടുള്ളൂ. |
| (സി) | സ്ക്രാപ്പേജ് നയം കെ.എസ്.ആർ.ടി.സി.യെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി-യുടെ 103 വർക്ക് ഷോപ്പ് വാനുകൾ 25 വർഷത്തിനുമേൽ പഴക്കമുള്ളതും, 55 സ്റ്റാഫ് വാഹനങ്ങൾ 15 വർഷത്തിനുമേൽ പഴക്കമുള്ളതുമാണ്. ആയത് ഒഴിവാക്കേണ്ടിവരും. നിലവിൽ 15 വർഷത്തിനുമേൽ പഴക്കമുള്ള ബസ്സുകൾ ഒന്നും തന്നെ സർവ്വീസ് നടത്തുന്നില്ല. എന്നാൽ അടുത്ത 5 വർഷത്തിനുള്ളിൽ (2026 വരെ) 3212 ബസ്സുകൾ 15 വർഷക്കാലയളവ് പൂർത്തീകരിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ കാരണം വിശകലനം ചെയ്തതിൽ നിന്നും വാഹനത്തിന്റെ പഴക്കവും അപകടകാരണവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വാഹനങ്ങളുടെ കാലപ്പഴക്കം അപകടങ്ങൾക്ക് കാരണമാകാമെങ്കിലും പ്രസ്തുത വിഷയം വിശകലനം ചെയ്ത് പഠനങ്ങൾ നടത്തിയതായുള്ള റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ